# ബി.ഒ.ടി: കടുത്ത രോഗമായി വളർന്ന ടെസ്റ്റ് ഡോസ്

സി.ആർ.എൻ

"മട്ടാഞ്ചേരി B.O.T. പാലം ഒരു ടെസ്റ്റ് ഡോസാണ്. അത് പരാജയപ്പെട്ടാൽ ഇനി കേരളത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന 200 ഓളം B..O.T പദ്ധതികൾ തടസ്സപ്പെടും." നമ്മുടെ മുഖ്യമന്ത്രി കൊച്ചിയിൽ പറഞ്ഞ വാചകങ്ങളാണിത്. ഇതു കേരളീയർക്കാകെയുള്ള മുന്നറിയിപ്പാണ്. മുപ്പതു കോടി മുടക്കി 450 കോടി സമ്പാദിക്കാൻ കഴിയുന്ന ഒരു മുതൽമുടക്കായി ഈ സംരഭത്തെ ഉയർത്തിക്കാട്ടി നിക്ഷേപകരെ ആകർഷിക്കാനുള്ള ശ്രമമാണ് മുഖ്യമന്ത്രി നടത്തുന്നത്. കേരളത്തിലെ മറ്റെല്ലാ പാലത്തിലും ഒരു ദിവസം മുഴവൻ ഉപയോഗിക്കാവുന്ന ടോൾ നിരക്കുള്ളപ്പോൾ നഗരമദ്ധ്യത്തിലുള്ളതും അതുകൊണ്ടുതന്നെ 400-ൽ അധികം സിറ്റി ബസ്സുകളടക്കമുള്ള വാഹനങ്ങൾക്ക് പല പ്രാവശ്യം കടന്നുപോകേണ്ടതുമായ ഈ പാലത്തിൽ മാത്രം ഓരോ യാത്രക്കും (ഓരോ പോക്കുവരവിനും) വീതം ടോളാണ്. നിരക്കും വളരെ കൂടുതലാണ്. ബസിന് ഒരു പ്രാവശ്യം പോയിവരാൻ 43.50 രൂപ. കാറിനും സർക്കാരിന്റേതടക്കമുള്ള വാഹനങ്ങൾക്കും നിരക്ക് ഉയർന്നത് തന്നെ. ജനങ്ങളിൽ നിന്നും ബസ്സുടമകളിൽ നിന്നും പ്രതിഷേധമുയർന്നു. വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികൾ അർത്ഥപൂർണ്ണമായ മൗനം പാലിച്ചു. യാത്രക്കാരിൽനിന്നും അധിക നിരക്ക് ഈടാക്കിക്കൊള്ളാനാണ് അധികൃതർ ബസ്സുടമകളോട് പറഞ്ഞത്. ആറുമാസത്തോളം നീണ്ട കേസിന്റെ വിധി ഹൈക്കോടതിക്ക് അഭിമാനിക്കാവുന്ന ഒന്നായിരുന്നില്ല. ആ വിധിയെ ദുർവ്യാഖ്യാനം ചെയ്ത് "എങ്ങനെയെങ്കിലും ബസ് യാത്രാനിരക്ക് കൂട്ടി ബസ്സുടമകളുടെ പ്രശ്നം തീർന്നാൽ പിന്നെ ഒരു സമരവും ഫലിക്കില്ലെന്ന് അധികൃതർ കണക്കുകൂട്ടുന്നു. ഗതാഗതം, പൊതുമരാമത്തു മന്ത്രിമാർക്കു പുറമെ X നഗര പ്രതിനിധിയായ ടൂറിസം മന്ത്രിയും ജില്ലാ കളക്ടറും മറ്റ് ചില ഉദ്യോഗസ്ഥരും വിളിച്ചു ചേർത്ത യോഗങ്ങൾ പലവട്ടം നടന്നു. ഒരു ഫെയർസ്റ്റേജ് കൂട്ടുക, യൂസർഫീ യാത്രക്കാരിൽ നിന്ന് പിരിക്കുക തുടങ്ങിയവയാണ് പരിഹാരങ്ങൾ. ദിനംപ്രതി ഏതാണ്ട് രണ്ട് ലക്ഷം പേരിൽ (ബസ് യാത്രക്കാർ മാത്രം) അധികപണം പിരിച്ച് ഒരു സ്വകാര്യകമ്പനിക്കു നൽകുന്നതിൽ നമ്മുടെ ഭരണകൂടത്തിന് ഒരു വിഷമവുമില്ല. ജനങ്ങളുടെ പ്രതിഷേധം ശക്തമായപ്പോൾ പ്രതിപക്ഷ ധർമ്മം നിർവഹിക്കാൻ വേണ്ടി ഇടതുപക്ഷവും സമരത്തിനൊരുങ്ങി. എങ്കിലും രാഷ്ട്രീയകക്ഷികൾക്ക് നിയന്ത്രണമില്ലാത്ത ജനകീയ സംഘടനകൾ തന്നെയാണ് സമരം തുടരുന്നത്. പാലം തടയൽ, തുടർച്ചയായ നിരാഹാരസത്യാഗ്രഹം, ഹർത്താൽ എന്നിങ്ങനെ സമരം തുടരുന്നു. ജനങ്ങളിൽ നിന്നും യൂസർഫീ എന്നപേരിൽ പണം പിരിക്കാൻ നിയമമനുവദിക്കുന്നില്ലെന്ന് വന്നപ്പോൾ ആ നിയമം തന്നെ മാററാനാണിപ്പോൾ ശ്രമം. ഏതർത്ഥത്തിലും മട്ടാഞ്ചേരി B.T.O. പാലം കേരളത്തിലൊരു സൂചനയാണ്. ഹൈക്കോടതി വിധിക്കെതിരെ കൊച്ചി ജനകീയ പ്രതികരണസമിതി സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. എന്നാൽ അതിനെല്ലാമപ്പുറം നിരന്തര ജനകീയ ഇടപെടലുണ്ടെങ്കിൽ (പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ സഹകരണമില്ലെങ്കിൽപോലും) സർക്കാരിന്റെ ചൂഷണനയങ്ങളെ ചെറുക്കാനാവും എന്നതാണ് മട്ടാഞ്ചേരി നൽകുന്ന ജനകീയ പാഠം. അതുകൊണ്ട് നമ്മുടെ മുഖ്യമന്ത്രി പറയുംപോലെ ഇത് ഒരു ടെസ്റ്റ് -ഡോസാണ്. സ്വകാര്യവല്ക്കരണവാദികൾക്കും അവരെ എതിർക്കുന്നവർക്കും.